ഉണ്ടെന്നുള്ള സാഹചര്യം സൃഷ്ടിച്ചിരിക്കുകയാണ്. ഈ സംവിധാനം മാറ്റി പാവപ്പെട്ട ആളുകൾക്ക് നേരത്തെ വഹിച്ചുകൊണ്ടിരുന്നതുപോലെ യഥാസമയം മണൽ വഹിക്കാൻ ആവശ്യമായ സംവിധാനം ഇതിലൂടെ നടപ്പാക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്നാണ് പൂണ്ടിക്കാണിക്കാനുള്ളത്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, കാസർഗോഡ് ജില്ലയിലെ മണൽ പ്രശ്നത്തിന് പരിഹാരമെന്ന നിലയിലാണ് ഇ-മണൽ സംവിധാനം നടപ്പിലാക്കിവരുന്നത്. മണൽ മാഫിയയുടെ പൂഷണത്തിൽനിന്നും സാധാരണക്കാരെ രക്ഷിക്കുന്നതിന് തുടങ്ങിയ ഇ-മണൽ സംവിധാനം മണൽ ലഭ്യതയിലുണ്ടായ കുറവും പരിസ്ഥിതി ക്ലിയറൻസ് കിട്ടാനുണ്ടായ കാലതാമസവുംമൂലം ഉദ്ദേശിച്ചതുപോലെ ഫലപ്രദമായില്ല. തുറമുഖ വകുപ്പിന്റെ വക മണൽ ഇ-മണൽ സംവിധാനത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടി പരിശോധിച്ചുവരുന്നുണ്ട്. കാസർഗോഡ് ജില്ലയിൽ അനധികൃത മണൽ ഖനനം തടയുന്നതിനുവേണ്ടി പോലീസും റവന്യൂ വകുപ്പും മൈനിംഗ് ആന്റ് ജിയോളജി വകുപ്പും ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. 2014-ൽ മാത്രം ഇത്തരം കേസ്സുകളിൽ 365 വാഹനങ്ങൾ പിടിച്ചെടുത്തിട്ടുണ്ട്. മണൽ ലഭ്യതയെക്കുറിച്ചുള്ള പ്രശ്നം കാസർഗോഡ് ജില്ലയിൽ മാത്രമല്ല ഉള്ളത്. നമ്മുടെ സംസ്ഥാനത്ത് അതിരൂക്ഷമായ പ്രശ്നങ്ങൾ ഇതുമായി ബന്ധപ്പെട്ട് ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ നിർമ്മാണ മേഖലയിൽ അതിന്റേതായ തടസ്സങ്ങൾ പലതും ഉണ്ടായിക്കൊണ്ടിരിക്കുന്നു. മണൽ ലഭ്യത സുതാര്യതയോടുകൂടി നടത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യത്തെക്കുറിച്ച് നിഷ്പക്ഷമായും ഗവൺമെന്റ് ആലോചിക്കുന്നുണ്ട്.

5. ഒ.ബി.സി.-യിൽ ഉൾപ്പെടുത്തൽ

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, കേരളത്തിലെ വിവിധ ഭാഗങ്ങളിൽ, പ്രത്യേകിച്ച് മലബാർ, കൊച്ചി പ്രദേശങ്ങളിൽ താമസിക്കുന്ന ബോയൻ സമുദായം ഒ.ബി.സി. വിഭാഗത്തിൽപ്പെട്ടവരാണ്. എന്നാൽ ഇരിങ്ങാലക്കുടയിലെ കരുവന്നൂർ ഭാഗത്ത് ഇരുന്നൂറോളം ബോയൻ സമുദായക്കാർ അനേക വർഷങ്ങളായി താമസിക്കുന്നുണ്ട്. അവരെ ഒ.ബി.സി. വിഭാഗത്തിൽപ്പെടുത്തുന്നതിനുള്ള സാഹചര്യം ഇതുവരെ ഉണ്ടായിട്ടില്ല. ഈ ഭാഗത്ത് താമസിക്കുന്ന ബോയൻ സമുദായത്തിൽപ്പെട്ട അംഗങ്ങളെക്കൂടി ഒ.ബി.സി. വിഭാഗത്തിൽ പെടുത്തണം. ഇവർ അനേകം വർഷങ്ങൾക്കുമുമ്പ് തമിഴ്നാട്ടിൽ നിന്ന് വന്നവരാണ്. തമിഴ്നാട്ടിൽ നിന്ന് പല ഭാഗങ്ങളിലേക്ക് വന്നിട്ടുള്ള ഇവർ മണ്ണിൽ വളരെ ആഴത്തിൽ ജോലി ചെയ്യുന്നവരാണ്. പ്രത്യേകിച്ച് കിണർ കുഴിക്കൽ, തോട് വെട്ടുക, കുളം കുഴിക്കുക തുടങ്ങിയ വളരെ കഠിനമായ ജോലി ചെയ്യുന്ന ഒരു വിഭാഗമാണ്. അങ്ങനെയൊരു വിഭാഗം ഇന്നും തമിഴ്നാട്ടിലുണ്ട്. അവരുടെ ബാക്ക്വേർഡ് കമ്മ്യൂണിറ്റിയാണ്. കേരളത്തിൽ മലബാർ ഭാഗത്തും കൊച്ചിയിലും താമസിക്കുന്ന ഈ ബോയൻ സമുദായം ഒ.ബി.സി.-യുമാണ്. പക്ഷേ കരുവന്നൂർ ഭാഗത്ത് താമസിക്കുന്ന ഈ സമുദായത്തെ മാത്രം ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസപരമായ കാര്യത്തിലായാലും, ഉദ്യോഗത്തിന്റെ കാര്യത്തിലായാലും അവർക്ക് വളരെ വലിയ ബുദ്ധിമുട്ട് അനുഭവപ്പെടുകയാണ്. സംസ്ഥാനത്തെ ബാക്ക്വേർഡ് കമ്മ്യൂണിറ്റി ഡെവലപ്മെന്റ് ഡിപ്പാർട്ടുമെന്റ് വിചാരിച്ചാൽ ഇവരെക്കൂടി ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്താനും അവർക്ക് വിദ്യാഭ്യാസപരമായും ഉദ്യോഗപരമായും ആനുകൂല്യങ്ങൾ കിട്ടുന്നതിനുള്ള സാഹചര്യം ചെയ്തുകൊടുക്കാനും സാധിക്കും. ഇവരുടെ അവസ്ഥ വളരെ ദയനീയമാണ്. അതുകൊണ്ട് കുറുവന്നൂർ ഭാഗത്തെ ആളുകളെക്കൂടി ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുവാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ, കേരളത്തിലെ മലബാർ, കൊച്ചി ഭാഗങ്ങളിൽ താമസിക്കുന്ന ബോയൻ സമുദായങ്ങൾക്ക് വിദ്യാഭ്യാസം, ഉദ്യോഗ നിയമനം എന്നിവയ്ക്ക് നൽകുന്ന സംവരണാനുകൂല്യങ്ങൾ ഇരിങ്ങാലക്കുടയിലെ കുറുവന്നൂർ പ്രദേശത്ത് താമസിക്കുന്ന ബോയൻ കുടുംബാംഗങ്ങൾക്കും നൽകണമെന്നും അവരെ ഒ.ബി.സി.-യിൽ ഉൾപ്പെടുത്തണമെന്നുമാണ് ബഹുമാനപ്പെട്ട മെമ്പർ തോമസ് ഉണ്ണിയാടൻ ഇവിടെ ആവശ്യപ്പെട്ടത്. കേരളത്തിൽ ബോയൻ സമുദായത്തെ രണ്ട് പട്ടികകളിലായാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. മലബാർ മേഖലകളിൽ ഒ.ബി.സി.-യിലും മലബാർ ഒഴികെയുള്ള പ്രദേശങ്ങളിൽ പട്ടികജാതി ലിസ്റ്റിലുമായാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ 2002-ൽ പട്ടികജാതി ലിസ്റ്റിൽ നിന്നും ബോയൻ സമുദായത്തെ ഒഴിവാക്കുകയുണ്ടായി. ഉദ്യോഗ നിയമനങ്ങളെ സംബന്ധിച്ച സംസ്ഥാന രൂപീകരണത്തിന് മുമ്പുള്ള മലബാർ ജില്ലയിലുൾപ്പെടുന്ന ബോയൻ സമുദായത്തെ ഒ.ബി.സി. ലിസ്റ്റിലെ മറ്റ് പിന്നോക്ക വിഭാഗങ്ങളിൽ (ഒ.ബി.എച്ച്.) ഉൾപ്പെടുത്തി സംവരണം നൽകുന്നതിനാണ് നിലവിൽ വ്യവസ്ഥയുള്ളത്. ഗഞ്ചൻ, റെഡ്ഡീസ്, വിശവൻ എന്നീ വിഭാഗങ്ങളെയും മുൻ മലബാർ ജില്ലയിൽ മാത്രമേ സംവരണാനുകൂല്യത്തിന് പരിഗണിക്കുന്നുള്ളൂ. എന്നാൽ കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് പ്രകാരം എസ്.ഇ.ബി.സി. ലിസ്റ്റിൽ മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്ന വിഭാഗത്തിൽ എട്ടാമതായി ബോയൻ സമുദായത്തെ പ്രാദേശിക വ്യത്യാസമില്ലാതെ വിദ്യാഭ്യാസ സംവരണം ലഭിക്കുന്നതിന് ഉൾപ്പെടുത്തിയിട്ടുണ്ട്. മുൻ മലബാർ ജില്ല ഒഴികെയുള്ള പ്രദേശങ്ങളിൽ വസിക്കുന്ന ബോയൻ സമുദായാംഗങ്ങളെയും പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെടുത്തി സംവരണം നൽകണമെന്ന ആവശ്യം ഇപ്പോൾ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന്റെ പരിഗണനയിലാണ്. പിന്നോക്ക വിഭാഗ കമ്മീഷന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആയത് അനുഭാവപൂർവ്വം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

6. പുനരധിവാസ പാക്കേജ്

ശ്രീ. പി. കെ. ഗുരുദാസൻ: സർ, ഗവൺമെന്റിന്റെ മദ്യനയത്തിന്റെ ഫലമായി മൂന്നുമാസത്തിനകം 5 തൊഴിലാളികൾ ആത്മഹത്യ ചെയ്തു. അതിൽ ഒരാളാണ് 50 വയസ്സുള്ള ഉണ്ണികൃഷ്ണൻ, കൈരളി ടൂറിസ്റ്റ് ഹോം,

LIBRARY ARCHIVES Kerala Legislative Assembly